കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുറത്തൂർ ഗ്രാമപഞ്ചായത്ത്

# 2015-16

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.എം.പി.എം.28/4//17

കേരളസംസ്ഥാനഓഡിറ്റ് വകുപ്പ്ജില്ലാഓഡിറ്റ്കാര്യാലയം,മലപ്പുറം
തീയതി 16.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുറത്തൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം:പുറത്തൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം

18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.എം.പി.എം.28/4// /2017 തിയ്യതി: 16.10.2017

<u>മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 9-2-16 മുതൽ 3-12-16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.എ.എസ് ഷാജഹാൻ | |
| | | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 5-12-16മുതൽ 19-12-16വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.പി .സുരേഷ് | ഓഡിറ്റ് ഓഫീസർ. |
| | | ശ്രീ.മുഹമ്മദ് സിയാദ്.പി.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ. |
| | | ശ്രീ.യു.ആലസ്സൻകുട്ടി | ഓഡിറ്റർ. |
| | | ശ്രീ,വിനോദ്.പി.എ( 5-12-16 മാത്രം) | അസി.ഓഡിറ്റ് ഓഫീസർ. |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.രാജൻ കരേങ്ങൽ | 1-4-2015 മുതൽ<br>31-10-15 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് ഭരണം | 1-11-15 മുതൽ<br>18-11-15 വരെ |
| | ശ്രീമതി.റഹ്മത്ത് സൗദ.എൻ.പി | 19-11-15മുതൽ<br>31-3-16വരെ |
| സെക്രട്ടറി | ശ്രീ.ദീപുരാജു | 1-4-15മുതൽ<br>1-6-15 വരെ |
| | ശ്രീ. എൻ.പ്രദീപ് കുമാർ | 2-6-15മുതൽ<br>28-6-15 വരെ |
| | ശ്രീ.ദീപുരാജു | 29-6-15മുതൽ<br>27-7-15 വരെ |
| | ശ്രീ. എൻ.പ്രദീപ് കുമാർ | 28-7-15മുതൽ<br>29-7-15വരെ |
| | ശ്രീ. കെ.അബൂഫൈസൽ | 30-7-15മുതൽ<br>31-3-16വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ICDS സൂപ്പർവൈസർ | ശ്രീമതി.സക്കീന | 1-4-15മുതൽ<br>31-3-16വരെ |
| അസി.എഞ്ചിനിയർ. | ശ്രീ.അഭിലാഷ്.എം | 1-4-15മുതൽ<br>4-7-15 എഫ്.എൻ വരെ |
| | ശ്രീമതി ജിൻസി | 4-7-15എ.എൻ മുതൽ<br>31-3-16വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ. | ശ്രീ.വിനയൻ.എം | 1-4-15മുതൽ<br>31-3-16വരെ |
| ഹെഡ് മിസ്ട്രസ്. | ശ്രീമതി.രമണി | 1-4-15<br>മുതൽ<br>31-3-16 വരെ |
| വെറ്റിനറി സർജൻ | ഡോ.ജ്യോതിശ്രീധരൻ | 1-4-15 മുതൽ<br>20-5-15 വരെ |
| | ഡോ. ജലജ | 21-5-15 മുതൽ 31-8-15 വരെ |
| | ഡോ. സ്മിജിഷ | 1-9-15 മുതൽ<br>12-10-15വരെ |
| | ഡോ. റോഷ്ന | 13-10-15 മുതൽ<br>3-1-16വരെ |
| | ഡോ. സിന്ധു സത്യൻ | 4-1-16 മുതൽ 31-3-16 വരെ |
| വി.ഇ.ഒ | ശ്രീമതി.ഷിനു ആനി വർഗീസ് | 1-4-15 മുതൽ<br>13-1-16വരെ |
| | ശ്രീ.അനീഷ്.എസ് | 14-1-16 മുതൽ<br>31-3-16വരെ |
| മെഡിക്കൽ ഓഫീസർ (CHC) | ഡോ.മഞ്ജു. | 1-4-15. മുതൽ<br>10-8-15വരെ |
| | ഡോ. ബഹാവുദ്ദീൻ | 11-8-15 AN<br>മുതൽ<br>31-3-16 വരെ |
| അസിസ്റ്റന്റ്<br>സെക്രട്ടറി | ശ്രീ എൻ പ്രദീപ് കുമാർ | 1-4-15 മുതൽ 31-3-16 വരെ |

ഉള്ളടക്കം


| | | |
|---|---|---|
| 1. | ബജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3. | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയ വിവരം | 1-3 |
| 4. | സാമ്പത്തീക വിശകലനം | 1-4 |
| 5. | ഫണ്ട് വിനിയോഗം | 1-5 |
| 6. | പദ്ധതി അവലോകനം | 1-6 |
| 7. | തനത് വരുമാനം | 1-7 |
| 8. | ക്ഷേമ പദ്ധതികൾ | 1-8 |
| 9. | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10. | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം- 2 | |

| | | | |
|---|---|---|---|
| 12. | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 2-1 | |
| 13. | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല | 2-2 | |
| 14. | റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നില്ല | 2-3 | |
| 15. | തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 2-4 | |
| 16. | വസ്തു നികുതി പിരിവ്-അപാകതകൾ | 2-5 | |
| 17. | തറ വിസ്തീർണ്ണത്തിനനുസൃതമായ വസ്തുനികുതി ഈടാക്കിയില്ല | 2-6 | |
| | ഭാഗം-3 | | |
| 18. | കരാറുടമ്പടിപ്രകാരം പ്രവർത്തി പൂർത്തീകരിച്ചില്ല – പിഴയീടാക്കാത്തതിനാൽ നഷ്ടം | 3-1 | |
| 19 | മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചുള്ള പ്രവർത്തികൾ | 3-2 | |
| 20 | തെരുവ് വിളക്കുകൾ – അപാകതകൾ സംബന്ധിച്ച് | 3-3 | |
| 21. | ലൈബ്രറി സെസ് വൈകി അടവാക്കിയത് | 3-4 | |
| 22 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല. | 3-5 | |
| 23 | എസ്.സി.വിവാഹ ധനസഹായം സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല. | 3-6 | |
| 24. | വിദ്യാഭ്യാസ ഗുണ നിലവാരം ഉയർത്തൽ-സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല | 3-7 | |
| 25. | SSA- പ്രോജക്ട് സർക്കാർ ഉത്തരവ് പാലിക്കുന്നില്ല | 3-8 | |
| 26. | ആശ്രയ പദ്ധതി | 3-9 | |
| 27. | പരിരക്ഷ- അപാകതകൾ | 3-10 | |
| | ഭാഗം- 4 | | |
| 28. | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 31 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 32 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 33 | ഓഡിറ്റ് റിക്കവറി | 4-6 | |
| 34 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 | |

| | | |
|---|---|---|
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4-10 |
| 38 | AUDIT CERTIFICATE | 4-11 |



# ഭാഗം 1
## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 ലെ ബജറ്റ് 27-03-2015ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.
ഫങ്ഷൻ - ഫങ്ഷനറി അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(1) പ്രകാരം - ജനവരി 15 നുമ്പായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയുടെയും ഉദ്യോഗസ്ഥരുടെയും നിർദേശങ്ങൾ പരിഗണിച്ച് ബജറ്റ് നിർദേശങ്ങൾ തയ്യാറാക്കി അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഒന്നുംതന്നെ ഇത്തരത്തിലുള്ള ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചിട്ടില്ല. ഉദ്യോഗസ്ഥരിൽ നിന്നും നിർദേശങ്ങൾ സ്വീകരിച്ചതായും കാണുന്നില്ല.

പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള യാതൊരു നിർദേശങ്ങളും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന് പിരിച്ചെടുക്കാൻ സർക്കാർ അനുമതി നൽകിയ നികുതി ഇനങ്ങളായ പരസ്യ നികുതി, സേവന നികുതി എന്നിവ പിരിച്ചെടുക്കുന്നതിനും പഞ്ചായത്തിന്റെ ആസ്തികൾ ഉപയോഗപ്പെടുത്തുന്നതിനും ഉപയുക്തമായ യാതൊരു നിർദേശങ്ങളും ഉൾക്കൊള്ളിക്കാതെയും ഉദ്യോഗസ്ഥരിൽ നിന്നും നിർദേശങ്ങൾ സ്വീകരിക്കാതെയും, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശുപാർശകൾ സ്വീകരിക്കാതെയും ബജറ്റ് തയ്യാറാക്കിയതിൽ നിന്നും പഞ്ചായത്ത് ബജറ്റ് തയ്യാറാക്കുന്ന പ്രക്രിയയെ ഗൗരവപൂർണ്ണമായല്ല സമീപിച്ചത് എന്ന് വ്യക്തമാണ്.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(1 എ) - സമർപ്പിക്കപ്പെട്ട നിർദേശങ്ങളും ആവശ്യങ്ങളും പരിഗണിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബഡ്ജറ്റ് തയ്യാറാക്കി മാർച്ച് മാസം ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പായി ഭരണസമിതിയുടെ പ്രത്യേക യോഗത്തിൽ അവതരിപ്പിക്കേണ്ടതായിരുന്നുവെങ്കിലും 25.03.2015 ന് മാത്രമാണ് ബജറ്റ് ഭരണസമിതി മുമ്പാകെ അവതരിപ്പിച്ചത്.

ബജറ്റിൽ വരവ് ഇനങ്ങൾ ഉൾപ്പെടുത്തുമ്പോൾ പാലിക്കേണ്ട നിർദേശങ്ങൾ പാലിക്കാതെ വരവ് കണക്കാക്കിയത് മൂലം ഏതാനും വരവിനങ്ങളിൽ പഞ്ചായത്തിന്റെ തൻവർഷ വരവ് തുകകൾ ബജറ്റ് പ്രകാരം പ്രതീക്ഷിച്ചതിനെക്കാൾ വളരെ കുറവാണ്

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിച്ചത് | യഥാർത്ഥ വരവ് | വ്യത്യാസം(കുറവ്) |
|---|---|---|---|
| വസ്തു നികുതി | 2550000 | 1693474 | -856526 |
| തൊഴിൽ നികുതി | 800000 | 772290 | -27710 |
| ലേലം | 95000 | 46100 | -48900 |
| പെർമിറ്റ് ഫീ | 150000 | 51636 | -98364 |

ബജറ്റ് തയ്യാറാക്കുമ്പോൾ പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള നിർദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതും പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ക്രിയാത്മകമായ നിർദേശങ്ങൾ ഉൾപ്പെടുത്തി ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2016 | 28-07-2016 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയ വിവരം

2015-16 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. കേരള പഞ്ചായത്ത് രാജ്(അകൗണ്ട്സ് ചട്ടങ്ങൾ )ചട്ടം 57,58 എന്നിവ പ്രകാരമുള്ള പ്രതിദിന,മാസാന്ത്യ,വർഷാന്ത്യ ബാങ്ക്-ട്രഷറി റീക്കൺസീലിയേഷൻ നടത്തിയിട്ടില്ല.
2. കേരള പഞ്ചായത്ത് രാജ്(അകൗണ്ട്സ് ചട്ടങ്ങൾ )ചട്ടം 60 പ്രകാരം നിർദേശിച്ച വരവ് ചെലവ് കണക്കുകൾ ഓരോ മാസവും 10 ാം തിയതിക്കകം ധനകാര്യ സ്റ്റാൻന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങണമെന്ന നിർദേശം പാലിച്ചിട്ടില്ല.
3. ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം,തൻവർഷം നടത്തിയ പർച്ചേസ്സുകളുടെ മൂല്യം,ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾകൊള്ളിച്ച്കൊണ്ട് സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
4. ഗ്രാമ പഞ്ചായത്തിന് കിട്ടാനുള്ളതും കൊടുക്കാനുള്ളതുമായ തുകകൾ,ആസ്തി ബാധ്യതകൾ എന്നിവക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
5. ഇനിയു ചെലവഴിക്കാനവശേഷിക്കുന്ന ബി ഫണ്ട് തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടില്ല(ഷെഡ്യൂൾ B-9).
6. നികുതി-നികുതിയേതര വരുമാനങ്ങളുടെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
7. a) D&O ലൈസൻസ് കുടിശ്ശിക 2014-15 വർഷ AFS പ്രകാരം 600 ആയിരുന്നു എന്നാൽ 2015-16 വർഷ AFS പ്രകാരം ഇത് 3600 ആണ്.

   b) വാണിജ്യ സ്ഥാപനങ്ങളുടെ തോഴിൽ നികുതി കുടിശ്ശിക 2014-15 വർഷ AFS പ്രകാരം 13590 ആണ് എന്നാൽ 2015-16 വർഷ AFS പ്രകാരം ഇത് 15820 ആണ്.
8. B-17 ഷെഡ്യൂൾ പ്രകാരമുള്ള NREGA ബാങ്ക് ബാലൻസ് തുക 1190 ആണ് എന്നാൽ B- 4 ഷെഡ്യൂൾ പ്രകാരം ചെലവഴിക്കാനവശേഷിക്കുന്ന തുക 171490 ആണ്.
9. ബാലൻഷീറ്റ് പ്രകാരം 3045423 (B- 5 ഷെഡ്യൂൾ) EMS ലോൺ ഇനത്തിൽ തിരിച്ചടക്കാനുണ്ട് എന്നാൽ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
10. സംയോജിത പ്രോജകട്ടുകൾക്ക് DD മുഖേന ലഭ്യമാക്കിയ തുകക്ക് സുലേഖയിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.
11. Income &Expenditure Statement ൽ ( I-6 ഷെഡ്യൂൾ) State Sponsored കർഷകതൊഴിലാളി പെൻഷൻ, ഭിന്നശേഷി പെൻഷൻ,തൊഴിൽ രഹിത വേതനം എന്നിവയുടെ വരവ് തുകകൾ Income &Expenditure Statement ൽ I- 14d ഷെഡ്യൂൾ പ്രകാരമുള്ള ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല.
12. Receipt & Payment ൽ ( RP- ഷെഡ്യൂൾ) State Sponsored തൊഴിൽ രഹിത വേതനം വരവ് തുക334800 ആണ്എന്നാൽ Receipt & Payment ൽ RP-19 ഷെഡ്യൂൾ പ്രകാരമുള്ള ചെലവ് തുക 462480 ആണ്.
13. സാംഖ്യ ആരംഭിക്കുന്നതിനു മുമ്പുള്ള മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി ബാലൻഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
14. 2014-15 വർഷ സാക്ഷ്യ പത്രത്തിലെ അപാകതകൾ ഇനിയും പരിഹരിച്ചിട്ടില്ല.

(അക്കൗണ്ട് ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തീക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 33911348.77 |
| വരവ് | 49312210.00 |
| ആകെ | 83223558.77 |
| ചെലവ് | 73602438 |
| നീക്കിയിരുപ്പ് | 9621120.77 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | ട്രാൻസ്ഫർ ക്രെഡിറ്റ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (ഗവ. പിൻവലിച്ചത്) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 8292887 | 8822771 | 13667712 | 30783370ഓ | 11869068 | 0 (18914302) | 38.56 |
| വികസനഫണ്ട് എസ്.സി.പി. | 2962005 | -977832 | 9479832 | 11464005 | 9713755 | 0 (1750250) | 84.75 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 2000 | 2000 | - | 0 (2000) | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 183408 | 0 | 3671000 | 3854408 | 3746620 | 0 (107788) | 97.2 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 768051 | 0 | 3596000 | 4364051 | 3448554 | 0 (915497) | 79.02 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5288258 | -4935505 | 10562388 | 10915141 | 10820986 | 0 (94155) | 99.14 |
| പെർഫോമൻസ് ഗ്രാന്റ് | 3730938 | -2909434 | 2909434 | 3730938 | 3679640 | 0 (51298) | 98.63 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 0 | - | 8126735 | 8126735 | 8125545 | 1190 | 99.99 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 256 | 85946489 | 151 | 51448617 | 29 | 76 | 58.98 |

## 1-7 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന ഉണ്ടായിട്ടുണ്ട്. (ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നല്കിയ റിപ്പോർട്ടു പ്രകാരം )

| ഇനം | 2014-15 | 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2880544 | 2514704 | 36584 | (-)12.7 |
| നികുതിയേതര വരവുകൾ | 446775 | 332615 | 114160 | (-)25.55 |
| മറ്റുവരവുകൾ | 148400 | 105440 | 42960 | (-)28.95 |
| ആകെ | 3475719 | 2952759 | 522960 | (-)15.04 |

ഗ്രാമ പഞ്ചായത്ത് നൽകിയറിപ്പോർട്ട പ്രകാരമുള്ള തനതു വരുമാനം AFS –മായി പൊരുത്തപ്പെടുന്നില്ല.

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2015-16 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്ക ളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 334800 | 206 |
| കർഷകതൊഴിലാളി പെൻഷൻ | 3223020 | 445 |
| വിധവാപെൻഷൻ | 9494240 | 1033 |
| വാർദ്ധക്യകാലപെൻഷൻ | 9501440 | 1205 |
| വികലാംഗപെൻഷൻ | 2916940 | 320 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 327160 | 35 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-12-2016ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.
2592 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

സർക്കാർഉത്തരവ് 177/2006 ഫിൻ തിയ്യതി 12.04.2006 പ്രകാരം നിർവഹണോദ്യോഗസ്ഥർ TR7 A കാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി-IV) സൂക്ഷിക്കണം. കൂടാതെ സെക്രട്ടറിയും, നിർവഹണ ഉദ്യഗസ്ഥരും അനുബന്ധം ബി-V ൽ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കണം. എന്നാൽ നിർവഹണ ഉദ്യഗസ്ഥരായ ഹെഡ്മാസ്റ്റർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ, തുടങ്ങിയ നിർവഹണ ഉദ്യഗസ്ഥർ ടി.ആർ 7 എ കാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല.

വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ സഞ്ചയ ഇന്റഗ്രേഷൻ പൂർണ്ണമായിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പേര്, കാലയളവ്, മേൽവിലാസം എന്നിവ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇങ്കംബൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6-11-2016 മുതൽ 19-11-2016 | 10/2016 | 1-12-2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30-10-2003 മുതൽ 15-11-2003 | 1998-99 മുതൽ 2002-03 വരെ | 24.02.04 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടം 3(2) മുതൽ (11) വരെയുള്ള ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽനിന്നും രണ്ട് അർദ്ധ വർഷത്തെയും സ്ഥാപനനികുതി ഈടാക്കിക്കാണുന്നില്ല.

1. മാവേലി സ്റ്റോർ പുറത്തൂർ
2. സർവീസ് സഹകരണ ബാങ്ക്,പുറത്തൂർ ശാഖ (രണ്ടാം അർദ്ധ വർഷം)
3. സർവീസ് സഹകരണ ബാങ്ക് പടിഞ്ഞാറേക്കര ശാഖ
4. ബി.എസ്.എൻ.എൽ,പുറത്തൂർ
5. കെ.എസ്.ഇ.ബി.,പുറത്തൂർ
6. കളരിക്കൽ ഫിനാൻസ് പുറത്തൂർ

കൂടാതെ പഞ്ചായത്ത് പ്രദേശത്തെ ഫിലിം സ്റ്റുഡിയോകൾ, 30,000/- രൂപയിലധികം വിറ്റു വരവുള്ളവരും സെയിൽസ് ടാക്സ് രജിസ്ട്രേഷനുമുള്ള ചെറുകിട കച്ചവടക്കാർ, അഭിഭാഷകർ,സ്വകാര്യ ഡോക്ടർമാർ, പാരാ മെഡിക്കൽ വിദഗ്ദർ, കമ്പനീസ് ആക്ട്, സെയിൽസ് ടാക്സ് രജിസ്ട്രേഷനുള്ള ബിസിനസ് സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ ഈ പ്രദേശത്തുള്ളതായി കാണുന്നു. എന്നാൽ ഇവരിൽനിന്നും തൊഴിൽ നികുതി ഈടാക്കിക്കാണുന്നില്ല. അന്വേഷണത്തിനു (നം.3/11.12.16) നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നു അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 2-2 ജീവനാക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിക്കാണുന്നില്ല.

കൂടാതെ നികുതി ഈടാക്കാതിരുന്നതിന്റെ കാരണമോ സ്ഥലം മാറിയ തിയതിയോ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല.

| പേര്,തസ്തിക | സ്ഥാപനം | അർദ്ധപകുതി |
|---|---|---|
| നൗഷാദ് എം,വി.ഇ.ഒ | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് | 1 |
| അശോക് കുമാർ<br>വില്ലേജ് അസി. | വില്ലേജ് ഓഫീസ് | 1&2 |
| സന്തോഷ് കെ,"" | "" | 1&2 |
| അബിൻ, | മാവേലി സ്റ്റോർ | 1&2 |
| രതീഷ് കുമാർ:എ.എസ്. | മാവേലി സ്റ്റോർ | 1 |
| തങ്കമണി | പോസ്റ്റ് ഓഫീസ്<br>പുതുപ്പള്ളി | 1&2 |
| മുഹമ്മദ് ശരീഫ് | പോസ്റ്റ് ഓഫീസ്<br>പുതുപ്പള്ളി | 1&2 |
| അസൂറബി സ്റ്റാഫ് നഴ്സ് | പി.എച്ച്.സി. | 2 |
| ഷൈനി എസ്.എസ്."" | പി.എച്ച്.സി. | 2 |
| സനീഷ് ഫാർമസിസ്റ്റ് | പി.എച്ച്.സി. | 2 |
| സൗദാമിനി നർസിംഗ് അസ്സി. | പി.എച്ച്.സി. | 2 |
| ലിജി വർഗീസ്,സീ.ന. | പി.എച്ച്.സി. | 2 |
| ഡോ.അനീഷ് രാഘവൻ,<br>എം.ഓ | ഹോമിയോ ഡിസ്പെൻസറി | 1&2 |
| ഡോ.റംല .എം.ഒ. | ജി.എ.ഡി. | 1&2 |
| രഞ്ജിത് കുമാർ,എൽ.ഐ. | ഐ.സി.ഡി.പി. | 1&2 |
| അശോകൻ.സീ.സൂപ്രണ്ട് | കെ.എസ്.ഇ.ബി | 1&2 |
| മുരളി,സീനിയർ സൂപ്രണ്ട് | കെ.എസ്.ഇ.ബി | |

| | | |
|---|---|---|
| ബാബുകുട്ടൻ,സബ് എഞ്ചിനീയർ | കെ.എസ്.ഇ.ബി | 1&2 |
| സുരേഷ് കുമാർ,സബ് എഞ്ചിനീയർ | കെ.എസ്.ഇ.ബി | 2 |
| സൈഫുദ്ദീൻ,സബ് എഞ്ചിനീയർ | കെ.എസ്.ഇ.ബി | 1&2 |
| സുനിൽ കുമാർ ഓവർസീയർ | കെ.എസ്.ഇ.ബി | 1&2 |
| അനിരുദ്ധൻ „ | കെ.എസ്.ഇ.ബി | 1&2 |
| വിജയൻ ചെട്ടിയാർ, „ | കെ.എസ്.ഇ.ബി | 1&2 |
| ചന്ദ്രബാബു ,സബ് എഞ്ചിനീയർ | കെ.എസ്.ഇ.ബി | 1&2 |
| വിദ്യാധരൻ,ലൈൻമാൻ | കെ.എസ്.ഇ.ബി | 1&2 |
| നിസാറുദ്ദീൻ,ലൈൻമാൻ | കെ.എസ്.ഇ.ബി | 1&2 |
| ശശികുമാർ,ലൈൻമാൻ | കെ.എസ്.ഇ.ബി | 1&2 |
| അനിൽകുമാർ,ലൈൻമാൻ | കെ.എസ്.ഇ.ബി | 2 |
| പരമേശ്വരൻ, ലൈൻമാൻ | കെ.എസ്.ഇ.ബി | 1&2 |
| രഞ്ജിത്ത് എം.ജി.,ലൈൻമാന ് | കെ.എസ്.ഇ.ബി | 1&2 |
| രാജേഷ്,പി.ലൈൻമാൻ | കെ.എസ്.ഇ.ബി | 2 |
| ഷാജഹാൻ,ലൈൻമാൻ | കെ.എസ്.ഇ.ബി | 2 |

തൊഴിൽ നികുതി ഈടാക്കി ആയതിന്റെ വിവരം ഓഡിററിനെ അറിയിക്കേണ്ടതാണ്.

## 2-3 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ലൈസൻസ് രജിസ്റ്ററിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ച് വിവരം ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിലെ മൊത്തം റേഷൻ കടകളുടെ എണ്ണം, സ്ഥിതി ചെയ്യുന്ന സ്ഥലം തുടങ്ങിയ വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണെന്നറിയിച്ച് എൻക്വയറി നല്കിയപ്പോൾ 10 കടകൾ നിലവിലുള്ളതായും ഒന്നിനു മാത്രം ലൈസൻസ് നല്കിയതായും അറിയിച്ചു. ശേഷിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നല്കാനും വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി സ്ഥാപന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നികുതി പത്രിക സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ പേരു മാത്രം രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഈടാക്കുന്ന രീതിയാണ് ഗ്രാമപ്പഞ്ചായത്ത് നാളിതുവരെ പിന്തുടർന്ന് വരുന്നത്. പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങളടങ്ങിയ സ്ഥാപന രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എങ്കിൽ മാത്രമേ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന നികുതിയും ഒടുക്കു വരുത്തുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളൂ. സ്ഥാപന രജിസ്റ്റർ കാലികമാക്കാത്തതിനാൽ തൊഴിൽ നികുതി പിരിച്ചെടുത്തതിന്റെ കൃത്യത ഉറപ്പ് വരുത്താൻ ഓഡിറ്റിന് സാധിച്ചില്ല

## 2-5 വസ്തു നികുതി പിരിവ്-അപാകതകൾ

ഗ്രാമപഞ്ചായത്തിൽ 2015-2016 വർഷങ്ങളിൽ വസ്തുനികുതിയിനത്തിൽ വൻ തുകകൾ പിരിച്ചെടുക്കുവാനുണ്ടെന്ന്

കണക്കുകൾ സൂചിപ്പിക്കുന്നു. വാർഷിക ധനകാര്യ പത്രികകൾ പ്രകാരമുള്ള (ബി-15 ഷെഡ്യൂൾ)വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

കുടിശ്ശിക ഡിമാന്റ് പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക- 6,84,694 രൂപ

തൻവർഷം ഡിമാന്റ് പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക- 6,98,948രൂപ

തനത്ഫണ്ടിലേക്ക് ലഭ്യമാകേണ്ട നികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. വസ്തുനികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 തറ വിസ്തീർണ്ണത്തിനനുസൃതമായ വസ്തുനികുതി ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷ വസ്തു നികുതി പരിശോധനയിൽ താഴെ പറയുന്ന കെട്ടിട ഉടമസ്ഥരിൽ നിന്നും ജി.ഒ.(പി.) 20/2011 / ത.സ്വ.ഭ.വ 14.1.2011 പ്രകാരമുള്ള തറ വിസ്തീർണ്ണത്തിനനുസൃതമായ വസ്തുനികുതി ഈടാക്കിയില്ല..

| ഉടമസ്ഥർ | പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ തരം / വിസ്തീർണ്ണം | ഈടാക്കേണ്ട വസ്തുനികുതി +LC | ഈടാക്കിയ വസ്തുനികുതി +LC | വസ്തുനികുതി കുറവ് | LCകുറവ് |
|---|---|---|---|---|---|
| ശ്രീ.സുരേന്ദ്രൻ ( കെട്ടിട നമ്പർ 9/32A) | പാർപ്പിടം 7 171m2 | 171*5=855 (-നിയമാനുസൃത ഇളവ് 10% ( ദ്വിതീയ മേഖല- പട്ടിക- 1) )=BT =770+LC=39 770ഋ39 | 728+35(Rt.No.1591/15/5-10-15 | 42 | 4 |
| ശ്രീ.( കെട്ടിട നമ്പർ 13/253A) | പാർപ്പിടം 275.17 m2 | 275.17*5=1376 (-നിയമാനുസൃത ഇളവ് 10% ( ദ്വിതീയ മേഖല- പട്ടിക- 1) + നിയമാനുസൃത വർദ്ധനവ് 20% പട്ടിക- 2- പൊതു വഴി, )(1376-137+275)= BT=1513,LC=76 | 1439+69(Rt.No115061-00885/13-7-15) | 74 | 7 |
| | | | | 116 | 11 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-18/19-12-16ന് നൽകിയമറുപടിയിൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് മറുപടി നൽകുന്നതാണ് എന്ന് അറിയിച്ചത് അംഗീകരിക്കുന്നില്ല, തുക ഈടാക്കേണ്ടതാണ്

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കരാറുടമ്പടിപ്രകാരം പ്രവർത്തി പൂർത്തീകരിച്ചില്ല - പിഴയിടാക്കത്തതിനാൽ നഷ്ടം

പ്രൊജക്ട് നം. 36/16 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ

അടങ്കൽ 13,00,000/-

കരാറുടമ്പടി 87/AE/LSGD/PTR/14-15/11.2.15 dt. 11.02.15

എം.ബുക്ക്

അവസാന അളവെടുപ്പ് തിയതി 11.09.2015

ചെലവ് ഡി.ഡി നം. 418385/28.09.15

കോൺട്രാക്ടർ എം. മുസ്തഫ

ജി.ഒ.(പി) 13/2012/PWD/01.02.2012 പുതുക്കിയ കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 ൽ പൂർത്തീകരണകാലാവധിക്കുള്ളിൽ മരാമത്ത് പ്രവർത്തികൾ പൂർത്തീകരിക്കേണ്ടത് കരാറുകാരന്റെ ചുമതലയാണ് എന്ന് വ്യക്തമാക്കുന്നു. കാലാവധിക്കകം പൂർത്തീകരിക്കാതെവന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷക്കേണ്ടതും ആദ്യ 3 മാസത്തേക്ക് 1% of PAC (25% of original period) അതിനുശേഷം ഓരോ 3 മാസത്തിനും 2% of PAC പിഴ ചുമത്തി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ മേൽ പ്രവർത്തിയിൽ അപേക്ഷ സമർപ്പിച്ചതായോ പിഴയിടാക്കിയതായോ കാണുന്നില്ല.

| പ്രവർത്തി ആരംഭിച്ച തിയതി | പൂർത്തീകരിക്കേണ്ട തിയതി | പൂർത്തിയാക്കിയ തിയതി | അധികം വിനിയോഗിച്ച സമയം | ചുമത്തേണ്ട പിഴ |
|---|---|---|---|---|
| 11.2.15 | 11.6.15 | 11.9.15 | 3 മാസം | 13,00,000x1%= 13,000 |
| | | | ആകെ | 13,000/- |

പിഴയിനത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനായ എഞ്ചിനീയറിൽനിന്നും വസൂലാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 19/19.12.2016 നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

## 3-2 മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചുള്ള പ്രവർത്തികൾ

68228/എഫ്.എം1/2012 തിയതി 28.11.2012 സർക്കുലറിൽ റോഡ് മെയ്ന്റനൻസ് ഫണ്ട് ഉപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപ്പണിയാണ് നടത്തേണ്ടത് എന്ന് വ്യക്തമാക്കുന്നു. തദ്ദേശഭരണസ്ഥാപനത്തിന് കൈമാറികിട്ടിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയതിനുശേഷവും റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മെറ്റലിംങ്, ടാറിംങ്, കോൺക്രീറ്റിംങ് തുടങ്ങിയ പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണെന്ന് ടി സർക്കുലറിൽ നിർദ്ദേശിക്കുന്നു. അങ്ങനെയുള്ള പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ തദ്ദേശഭരണസ്ഥാപനത്തിന്റെ റോഡുകളിലൊന്നും അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായ തീരുമാനമെടുത്തശേഷമായിരിക്കണം മെയിന്റനൻസ് ഫണ്ട് നിർമ്മാണപ്രവൃത്തികൾക്ക് ഉപയോഗിക്കേണ്ടത്. എന്നാൽ പുറത്തൂർ ഗ്രാമപഞ്ചായത്തിൽ തീരുമാനമെടുക്കാതെതന്നെ പ്രൊജക്ട് വെച്ച് നിർഹണം നടത്തിയ ധാരാളം പ്രവൃത്തികളുണ്ട്. അവ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ, പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 55/15 ആശുപത്രിപ്പടി-വാടിക്കടവ് റോഡ് | 2,00,000 | 1,99,608 |
| 2 | 60/15 കണിയത്തറ എസ്.സി കോളനി റോഡ് ടാറിംഗ് | 3,00,000 | 3,00,000 |
| 3 | 61/15 കാവിലക്കാട് ഹെൽത്ത്സെന്റർ കോൺക്രീറ്റ് റോഡ് | 2,00,000 | 1,79,090 |
| 4 | 84/15 മുല്ലാംവളപ്പ് നടപ്പാത | 2,50,000 | 2,50,000 |
| 5 | 101/15 കുളത്ത്പ്പടി വെള്ളരിക്കായ് റോഡ് | 3,33,000 | 3,31,933 |
| 6 | 111/16 അത്താണി പാക്കിനി റോഡ് | 3,00,000 | 3,00,000 |
| 7 | 117/16 പുറത്തൂർ ജി.എച്ച്.എസ് നടപ്പാത | 2,50,000 | 2,50,000 |
| 8 | 128/16മുനമ്പം എസ്.സി കോളനി ഡ്രൈനേജ് | 1,23,500 | 1,20,313 |
| 9 | 133/16 ഉല്ലാസ് ബ്രാന്തൻ കടവ് റോഡ് | 1,75,000 | 1,75,000 |
| 10 | 140/16 മുട്ടന്നൂർ ജുമാമസ്ജിദ് ബൈപാസ് റോഡ് | 3,00,000 | 2,99,700 |
| 11 | 168/16അത്താണിമഠത്തിൽപ്പടി റോഡ് | 1,90,000 | 1,90,000 |
| 12 | 187/16 വെളിച്ചെണ്ണപ്പറമ്പ് എരിഞ്ഞിക്കാട്ട്പടി റോഡ് | 4,90,000 | 4,62,606 |

ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.15/2016 dt. 16.12.16 നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

## 3-3 തെരുവ് വിളക്കുകൾ - അപാകതകൾ സംബന്ധിച്ച്

തെരുവ് വിളക്കുകൾ - അപാകതകൾ സംബന്ധിച്ച്

പ്രൊജക്ട് നം. 220/16 സ്ട്രീറ്റ് ലൈറ്റുകൾക്ക് സാധനസാമഗ്രികൾ വാങ്ങൽ (തനത് ഫണ്ട്) ചെലവ് – 300000
പ്രൊ- 226/16 തെരുവു വിളക്ക് റിപ്പയർ അടങ്കൽ -200000 ചെലവ് – 137602
(തനതു ഫണ്ട്)

നിർവ്വഹണം സെക്രട്ടറി

ഡി.ഡി നം. 192640/11.4.16 – 4,37,602/- രൂപ (തനതു ഫണ്ട്)

2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പുറത്തൂർ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലുള്ള കേടായ സ്ട്രീറ്റ് ലൈറ്റുകൾ മാറ്റി പകരം പുതിയത് സ്ഥാപിക്കുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്യുന്നത്. ഒരു യൂനിറ്റിന് 500/- രൂപ ക്രമത്തിൽ 600 എണ്ണം കേരള റൂറൽ എംപ്ളോയ്മെന്റ് & വെൽഫയർ സൊസൈറ്റിയിൽനിന്നും വാങ്ങുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. 29.02.2016 ലെ A2-5669/15/2015-16കത്ത് പ്രകാരം ക്രൂസിന് സപ്ളൈ ഓർഡർ നൽകുകയും സ്ഥാപനം ലഭ്യമാക്കിയ ഇൻവോയ്സുകൾ പ്രകാരം താഴെ പറയുന്ന സാധനസാമഗ്രികൾ പഞ്ചായത്തിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | ഇനം | എണ്ണം | തുക |
|---|---|---|---|---|
| 1 | 1041/18.3.16 | 1. CFL Emptycasing | 44 | 29,320.72 |
| | | 2. Power switch | 450 | 45,981.00 |
| | | 3. LED Bulb 9 watts | 600 | 2,53,716.00 |
| | | Vat,cess etc | | 23,604.28 |
| | | Total | | 3,52,622.00 |
| 2 | 1117/21.3.16 | 1. Pendent holder for bulb & CFL | 650 | 13,058.50 |
| | | 2. CFL Base sheet with holders,reflectors & 5pin Relimate | 50 | 8,777.50 |
| | | 3. Power switch(for streetlight operation) | 450 | 45,981.00 |
| | | 4. Insulation tape (ISI) | 50 | 567.50 |
| | | 5. 2.5sq.mm aluminium wire 2core | 10 | 6,361.00 |
| | | Vat,cess etc | | 10,234.50 |
| | | Total | | 84,980.00 |

പുറത്തൂർ കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അയച്ച കത്തിൽ 511 തെരുവ് വിളക്കുകളുടെ സൂപ്പർവിഷൻ ചാർജ്ജ് എത്രയെന്ന് അറിയിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ലേബർ ചാർജ്ജ് ഒരു പോസ്റ്റിന് 75/- രൂപ പ്രകാരമാണ് കരാർ ചമച്ചിട്ടുള്ളത് എന്നും ടി കത്തിൽ വ്യക്തമാക്കുന്നു.

അപാകതകൾ

1. 511 സ്ട്രീറ്റ് ലൈറ്റിന്റെ സൂപ്പർവിഷൻ ചാർജ്ജ് എത്രയാണെന്നാണ് കെ.എസ്.ഇ.ബി യോട് ആരാഞ്ഞിട്ടുള്ളത്. എന്നാൽ 9 വാട്ടിന്റെ 600 LED ബൾബ് വാങ്ങിയിട്ടുണ്ട്.
2. സ്ട്രീറ്റ് ലൈറ്റ് റിപ്പയറിന് ബ്ളാങ്ക് മുദ്രപത്രമല്ലാതെ കരാർ ചമച്ച വിശദമായ രേഖകൾ ഹാജരാക്കിയിട്ടില്ല.
3. വാർഡ് തലത്തിലുള്ള മെമ്പർമാരുടെ സാക്ഷ്യപത്രം ഇനം തിരിച്ച് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 12/2016 തിയതി 16.12.16 നമ്പർ മറുപടിയിൽ 511തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനാണ് കെ.എസ്ഇബി യോട് ആവശ്യപ്പെട്ടതെന്നും തുടർന്ന് കേടാവുന്ന തെരുവു വിളക്കുകൾ കൂടി റിപ്പയർ ചെയ്യുന്നതിനാണ്

600 LED ബൾബുകൾ വാങ്ങിയതെന്നും വ്യക്തമാക്കിയിട്ടുണ്ട്. അപാകതകൾ പരിഹരിക്കുന്നതുവരെ ചെലവ് തുക ₹ 4,37,602/- രൂപ തടസത്തിൽ വെയ്ക്കുന്നു.

## 3-4 ലൈബ്രറി സെസ് വൈകി അടവാക്കിയത്

ലൈബ്രറി സെസ് വൈകി അടവാക്കിയത്

2013-14 വർഷത്തിലെ 42,687/- രൂപയും 2014-15 വർഷത്തിലെ 1,40,806/- രൂപയും കൂടി ആകെ 1,83,493/- രൂപ വൗച്ചർ നമ്പർ 21500370/30.10.15 പ്രകാരം ലൈബ്രറി സെസ് കുടിശ്ശിക സംസ്ഥാന ലൈബ്രറി കൗൺസിലിന് അടവാക്കിയിട്ടുണ്ട്. 20.09.2005 ലെ 10088/എൽ3/05/തസ്വഭവ നമ്പർ സർക്കുലറിൽ തദ്ദേശഭരണസ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ് ഇനത്തിൽ പിരിക്കുന്ന തുക രണ്ട് ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടവാക്കേണ്ടതും ആദ്യ ഗഡു ഏപ്രിൽ 30നകവും രണ്ടാം ഗഡു നവമ്പർ 30 നകവും അടക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നു. ഇതിൽ വീഴ്ച വരുത്തിയാൽ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കും ഇക്കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്നും ഈടാക്കുന്നതുമാണ്.

ഭാവിയിൽ ലൈബ്രറി സെസ് സമയബന്ധിതമായി അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ 14/2016 dt. 16.12.16 നൽകിയെങ്കിലും മറുപടി നല്കിയില്ല.

## 3-5 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല.

തൊഴിലുറപ്പ് പദ്ധതിയിൽ ഓരോ ഗ്രാമപഞ്ചായത്തിലും,വേതനം,സാധനഘടകങ്ങൾ എന്നിവ 60:40 എന്ന അനുപാതത്തിൽ ക്രമീകരിക്കുന്നതിനും സാധനഘടകം ആവശ്യമുള്ള മറ്റു പ്രവൃത്തികളുടെ കൂടെ റോഡ് പണികളും ഏറ്റെടുക്കുവാൻ ത്രിതല പഞ്ചായത്തുകൾക്ക് അനുമതി നൽകി ജി.ഒ.(എം.എസ്)202/15/തസ്വഭവ/24.06.15-പ്രകാരം ഗവർമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പുറത്തൂർ ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷത്തിൽ, തൊഴിലുറപ്പ് പദ്ധതി മുഖേന ചെയ്ത റോഡ് പ്രവൃത്തികളിൽ ഈ അനുപാതം പാലിച്ചു കാണുന്നില്ല. കുറഞ്ഞ വേതനവും കൂടുതൽ ,സാധനഘടകങ്ങളുമാണ് പ്രവൃത്തികളിൽ വരുന്നത്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | ചെലവ് | ശതമാനം |
|---|---|---|
| ചിറക്കലങ്ങാടി ചൂരപ്പാടം നടപ്പാത<br>വാർഡ് നാല് | സാധനഘടകങ്ങൾ<br>69,686<br>വേതനം 7,158<br>ആകെ 76,844 | സാധഘടകങ്ങൾ 90%<br>വേതനം 10% |
| പുറത്തൂർ ജുമാമസ്ജിദ് നടപ്പാത<br>നാലാം വാർഡ് | സാധനഘടകങ്ങൾ<br>38,458.60<br>വേതനം 1,374.00<br>ആകെ 39,832.60 | സാധഘടകങ്ങൾ<br>96.55%<br>വേതനം 3.45% |
| കോച്ചാംപ്പള്ളി തുത്തല്ലൂർ തടയണ നടപ്പാത 14-ാം വാർഡ് | സാധനഘടകങ്ങൾ<br>54,708<br>വേതനം 3,664<br>ആകെ 58,372 | സാധഘടകങ്ങൾ<br>98.86%<br>വേതനം 1.14% |
| മരവന്ത ഐ.എച്ച്.ഡി.പി കോളനി റോഡ് കനാൽ നടപ്പാത നിർമ്മാണം വാർഡ് 5 | സാധനഘടകങ്ങൾ<br>2,61,379<br>വേതനം 24,317<br>ആകെ 2,85,696 | സാധഘടകങ്ങൾ 91%<br>വേതനം 9% |

ഓഡിറ്റ് എൻക്വയറി നം 13/2016 തിയതി 16.06.2016 മറുപടി ലഭ്യമാക്കിയതിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള 60:40

അനുപാതം പഞ്ചായത്ത് തലത്തിൽ പാലിച്ചിട്ടുണ്ട് എന്നും ബ്ളോക്ക് ഓഫീസിന്റെ വാക്കാലുള്ള നിർദ്ദേശപ്രകാരമാണ് പ്രസ്തുത പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയതെന്നും മറപടി നല്കിയിട്ടുണ്ട്. സർക്കാർ ഉത്തരവു പ്രകാരമുള്ള അനുപാതം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 എസ്.സി.വിവാഹ ധനസഹായം സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല.

നിർവ്വഹണം.അസി.സെക്രട്ടറി

ചെലവഴിച്ച തുക- 11,50,000

പ്രോജക്ട്-വിവാഹധനസഹായം( SC)

ബിൽ നമ്പർ- 10/15-16/22-2-16(6,50,000)

14/15-16/22-3-16(200000)

28/15-16/31-3-16(300000)

ഈ പദ്ധതിപ്രകാരം 23 ഗുണഭോക്താക്കൾക്ക് 50,000 രൂപ വീതം വിവാഹധനസഹായം നൽകിയിട്ടുണ്ട്

ജി.ഒ.എം.എസ്.362/13 ത.സ്വ.ഭ.വ.16.11.13 പ്രകാരം പട്ടിക ജാതി വനിതകൾക്കുള്ള വിവാഹ ധനസഹായത്തിനുള്ള അപേക്ഷ വിവാഹം നടന്ന 6 മാസത്തിനകം സമർപ്പിച്ചിരിക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഈ സമയ പരിധി പാലിച്ചിട്ടില്ല .കാരണം വിശദീകരിക്കേണ്ടതാണ്.

| പേര് | വിവാഹ തിയതി | അപേക്ഷാ തിയതി | നൽകിയ തുക |
|---|---|---|---|
| ശ്രീമതി.സോണ ഗോപാൽ D/O കോമളം | 4-7-2014 | 30-5-2015 | 50,000 |
| ശ്രീമതി.സൂര്യചിത്ര D/Oചിന്ന | 3-4-15 | 7-10-15 | 50,000 |
| ശ്രീമതി.ബിൻഷ D/Oഉഷാകുമാരി | 8-4-15 | 11-3-16 | 50,000 |
| | | ആകെ | 1,50,000 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 10/16-12-16 ന് മറുപടിയിൽ അറിവില്ലായ്മ മൂലം സംഭവിച്ചതാണെന്ന അറിയിച്ചു.ഭാവിയിൽ സർക്കാർ ഉത്തരവു അനുസരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-7 വിദ്യാഭ്യാസ ഗുണ നിലവാരം ഉയർത്തൽ-സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല

നിർവ്വഹണം- ഹെഡ് മിസ്ട്രസ്

പ്രോജകട്- വിദ്യാഭ്യാസ ഗുണ നിലവാരം ഉയർത്തൽ( S0104/16)

ചെലവഴിച്ചതുക- 49400 /-(ബിൽ നമ്പർ- 2/15-16/22-12-16)

100600/- (ബിൽ നമ്പർ-4/15-16/28-3-16)

22650/-( ചെക്ക് നമ്പർ -83319/17-3-16) ( തനത് ഫണ്ട്)

ആകെ 172650/- രൂപ

വിദ്യാഭ്യാസ ഗുണ നിലവാരം ഉയർത്തൽ എന്ന ഈപദ്ധതി പ്രകാരം പഠനത്തിൽ പിന്നോക്കം നിൽകുന്ന വിദ്യാർത്ഥികൾക്കായി 49400 രൂപ വിനിയോഗിച്ച് 500 കൈപുസ്തകങ്ങൾ,അധ്യാപകർക്കായി 9 ടീച്ചിം മൊഡ്യൂൾ , 395 വർക്ക് ഷീറ്റുകൾ എന്നിവ അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്.കൂടാതെ 80,250 രൂപ വിനിയോഗിച്ച് പഠനോപകരണങ്ങളും, 43,000 രൂപ വിനിയോഗിച് സഹവാസക്യാമ്പും സംഘടിപ്പിട്ടിട്ടുണ്ട്.എന്നാൽ ജി.ഒ.(എം.എസ്) 225/2012 ത.സ്വ.ഭ.വ 18-8-2012 ഉത്തരവ് പ്രകാരം അധ്യാപകർക്കും,വിദ്യാർത്ഥികൾക്കും വിതരണം ചെയ്യുന്നതിനുള്ള പുസ്തകങ്ങൾ തയ്യാറാക്കൽ,അച്ചടി,മറ്റ് പഠനോപകരണങ്ങൾ തയ്യാറാക്കൽ എന്നിവ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽ നടന്ന് വരുന്ന പ്രവർത്തനങ്ങൾ ആകയാൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് മുൻപ് സർക്കാർ അനുമതി വാങ്ങിയിരിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്.ഈ സർക്കാർ ഉത്തരവ് പാലിക്കാതെയാണ് ഈ പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത്.കാരണം വിശദീകരിക്കേണ്ടതാണ്.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/14-12-16 ന് നൽകിയ മറുപടിയിൽ ഈ പരിപാടി

വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്താൻ ഉപകരിച്ചിട്ടുണ്ട് എന്ന് അറിയിച്ചു.ഭാവിയിൽ ഇത്തരം പരിപാടികൾ നടപ്പാക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-8 SSA- പ്രോജക്ട് സർക്കാർ ഉത്തരവ് പാലിക്കുന്നില്ല

2015-16 വർഷത്തെ എസ്.എസ്.എ പ്രൊജക്ടിനുള്ള പഞ്ചായത്ത് വിഹിതം ഇനത്തിൽ ₹ 14,00000എസ്.എസ്.എ മലപ്പുറം ജില്ലാ കോ ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്.

| പ്രൊജക്ട് | ചെലവ് | ബിൽ നമ്പർ |
|---|---|---|
| SSA വിഹിതം നൽകൽ- ജനറൽ (18/16) | ₹ 14,00000 | 1/15-16 തി.18.09.2015 |

ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പ്രൊജക്ടിന്റെ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) SSA നൽകിയ പ്രൊജക്ട് പരിശോധനക്ക് ലഭ്യമാക്കിയില്ല.

2) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 225/12 തി. 18.08.2012, പുതുക്കിയ മാർഗ്ഗരേഖ ജി.ഒ (എം.എസ്) 362/13 തി. 16.11.2013, എന്നിവ പ്രകാരം എസ്.എസ്.എ യും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിന്റെ SSA പ്രൊജക്ട് തയ്യാറാക്കേണ്ടത് എന്ന് വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് അധികാരികളും, പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തകരും , എസ്.എസ്.എ യും കൂടി ചർച്ച ചെയ്ത് പഞ്ചായത്തിൽ SSA പ്രൊജക്ടിന് കീഴിൽ നടപ്പാക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ച് പഞ്ചായത്തിന്റെ ആവശ്യകതക്കനുസരിച്ചാണ് പ്രൊജക്ട് തയ്യാറാക്കേണ്ടത്. എന്നാൽ ഇത്തരം നടപടികൾ പാലിക്കാതെയാണ് പണം നൽകിയത്.

3) വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

എസ്.എസ്.എ കൈപ്പറ്റിയ തുകയുടെ വിനിയോഗം സംബന്ധിച്ച വ്യക്തമായ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ എസ്.എസ്.എ അധികാരികൾ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/14-12-16 നല്കിയമറുപടിയിൽ രേഖകൾ ലഭ്യമാക്കുന്നതാണ് എന്ന് അറിയിക്കുകയുണ്ടായി.രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക ₹ 14,00000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-9 ആശ്രയ പദ്ധതി ഇഴഞ്ഞു നീങ്ങുന്നു

സമൂഹത്തിലെ ഏറ്റവും അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി കുടുംബശ്രീയും ഗ്രാമപഞ്ചായത്തും ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണിത്. അവശ ജനവിഭാഗങ്ങൾക്ക് ശാരീരിക മാനസിക സുരക്ഷിതത്വം നൽകുകയും അതുവഴി അവരുടെ ജീവിത പുരോഗതിയും ആണ് ആശ്രയ പദ്ധതി വഴി വിഭാവനം ചെയ്യുന്നത്. ആദ്യഘട്ടത്തിൽ 101 പേർക്ക് ഭക്ഷണ സാധനങ്ങളും 39 പേർക്ക്ചികിത്സാ സഹായവും 55 പേർക്ക് വിദ്യാഭ്യാസ ധനസഹായവും 58 പേർക്ക് വസ്ത്രം നല്കലും 5 പേർക്ക് വീടുനിർമാണവും ആണ് ഒന്നം ഘട്ടത്തിൽ ചെയ്തിട്ടുള്ളത്.

15 പേർക്ക് വീടുനിർമാണത്തിനായി 1025000 രൂപ വകയിരുത്തിയെങ്കിലും ഇതുവരെ 5 ഗുണഭോക്താക്കൾക്കായി 980000 രൂപ ചെലവഴിച്ച കാണുന്നു. 7 പേർ വീടുറിപ്പയറിനായി അപേക്ഷിച്ചെങ്കിലും ആർക്കും ആനുകൂല്യം നല്കിയിട്ടില്ല. കക്കൂസ് നിർമാണത്തിനു ലഭിച്ച 44 അപേക്ഷകരിൽ 16 പേർക്ക് മാത്രമേ ആനുകൂല്യം നല്കിയിട്ടുള്ളൂ. കുടി വെള്ളത്തിനായുള്ള 10 അപേക്ഷകരിൽ ആർക്കും ആയത് നല്കിയിട്ടില്ല . അത് പോലെ വൈദ്യുതിക്കായി ലഭിച്ച 20 അപേക്ഷകർക്കും നാളിതു വരെ ആയത് ലഭ്യമായിട്ടില്ല.

ആവശ്യമായ ഫണ്ട് വകയിരുത്തി പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് ഉചിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 പരിരക്ഷ-അപാകതകൾ

പാലിയേറ്റീവ് പരിചരണത്തിനായി നിലവിലുണ്ടായിരുന്ന മാർഗ്ഗരേഖ റദ്ദാക്കിക്കൊണ്ട് 29-10-2015- ന് സ.ഉ(ആർ.ടി) 3217/15/ത.സ്വ.ഭ.വ എന്ന നമ്പരിൽ സർക്കാർ പുതിയ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. മേൽ

ഉത്തരവിലെ പല നിർദ്ദേശങ്ങളും മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന പ്രോജക്റ്റ് നമ്പർ S0 150/2015-16 "പരിരക്ഷ" പദ്ധതിയിൽ പാലിച്ചിട്ടില്ലെന്ന് കാണുന്നു. പദ്ധതി നിർവഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പാലിയേറ്റീവ് കെയർ പ്രോജക്റ്റിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനുമായി ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി ഓരോ സാമ്പത്തിക വർഷാരംഭത്തിന് മുമ്പും ഗ്രാമ പഞ്ചായത്ത് രൂപീകരിക്കേണ്ടതും ഓരോ മാസത്തെയും പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കും ഈ യോഗത്തിൽ രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. ഇപ്രകാരം ചെയ്തതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

2. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് പോകുന്നതിനായി ഒരു പാലിയേറ്റീവ് നിർവ്വഹണ കമ്മറ്റിയും രൂപീകരിക്കേണ്ടതുണ്ട്. ആയത് രൂപീകരിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

3. 23-08-12 -ലെ സ.ഉ (എം.എസ്)228/2012/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ ഫോൺ ചെലവുകൾ വഹിക്കാൻ അനുമതി നൽകുന്നുണ്ടെങ്കിലും പുതുക്കിയ മാർഗ്ഗരേഖയിൽ ഫോൺ ചെലവിനെക്കുറിച്ച് പരാമർശിച്ചിട്ടില്ല. നവമ്പർ 2015 മുതൽ മാർച്ച് 2016 വരെ 5 മാസത്തേക്ക് 250*5 രൂപ വീതം ആകെ 1250- രൂപ ഈയിനത്തിൽ അധികം നൽകിയിട്ടുണ്ട്. (ബിൽ നമ്പർ 4/ 15-16/23-1-16 ,7/15-16/30-3-16 )

4. ബിൽ നം.7/15-16 തി.29.3.16 പ്രകാരം കെ.എം.എസ്.സി.എൽ. ന 130048 രൂപ (ഡി.ഡി. നം.191499 തി.30.3.2016) മുൻകൂർ ആയി നല്കിയെങ്കിലും 21413 രൂപയുടെ മരുന്നുകൾ ലഭ്യമാകാനവശേഷിക്കുന്നു. മുൻകൂർ നല്കുമ്പോൾ ചമക്കേണ്ട കരാറിന്റെ വിവരങ്ങളും ലഭ്യമല്ല.

5. ഹോം കെയർ ദിനങ്ങളിൽ ഗൃഹ സന്ദർശനത്തിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് ഭക്ഷണമിനത്തിൽ പരമാവധി 180/- രൂപയേ ചെലവഴിക്കാൻ അനുമതിയുള്ളൂ. എന്നാൽ താഴെ പറയും വിധം 10880രൂപ അധികം നൽകിയിട്ടുണ്ട്. (ബിൽ നമ്പർ/ തീയതി4/15-16/23-1-16).

| ക്രമ നം. | തീയതി | ചെലവഴിച്ച തുക | അധിക തുക |
|---|---|---|---|
| 1 | 30-10-15 | 500 | 320 |
| 2 | 02-11-15 | 500 | 320 |
| 3 | 09-11-15 | 500 | 320 |
| 4 | 11-11-15 | 500 | 320 |
| 5 | 12-11-15 | 500 | 320 |
| 6 | 13-11-12 | 500 | 320 |
| 7 | 16-11-15 | 500 | 320 |
| 8 | 18-11-15 | 500 | 320 |
| 9 | 19-11-15 | 500 | 320 |
| 10 | 20-11-15 | 500 | 320 |
| 11 | 23-11-15 | 500 | 320 |
| 12 | 25-11-15 | 500 | 320 |
| 13 | 27-11-15 | 500 | 320 |
| 14 | 30-11-15 | 500 | 320 |
| 15 | 02-12-15 | 500 | 320 |
| 16 | 4-12-15 | 500 | 320 |
| 17 | 7-12-15 | 500 | 320 |
| 18 | 9-12-15 | 500 | 320 |
| 19 | 14-12-16 | 500 | 320 |

| | | | |
|---|---|---|---|
| 20 | 16-12-16 | 500 | 320 |
| 21 | 19-12-16 | 500 | 320 |
| 22 | 21-12-15 | 500 | 320 |
| 23 | 23-12-15 | 500 | 320 |
| 24 | 26-12-15 | 500 | 320 |
| 25 | 28-12-15 | 500 | 320 |
| 26 | 30-12-15 | 500 | 320 |
| 27 | 1-1-16 | 500 | 320 |
| 28 | 4-1-16 | 500 | 320 |
| 29 | 6-1-16 | 500 | 320 |
| 30 | 8-1-16 | 500 | 320 |
| 31 | 11-1-16 | 500 | 320 |
| 32 | 13-1-16 | 500 | 320 |
| 33 | 15-1-16 | 500 | 320 |
| 34 | 18-1-16 | 500 | 320 |
| ആകെ | | | 10880 |

6. പാലിയേറ്റീവ് കെയർ പ്രോജക്റ്റിന് വേണ്ടിയുള്ള എല്ലാ ചെലവുകളും (ഗൃഹ സന്ദർശനദിവസങ്ങളിൽ സന്നദ്ധ പ്രവർത്തകർക്കുള്ള ഭക്ഷണ ചെലവ് ഒഴികെ) ആർക്കാണോ തുക നൽകേണ്ടത്, ആ വ്യക്തിയുടെ / സ്ഥാപനത്തിന്റെ അക്കൌണ്ടിലേക്ക് നൽകുകയാണ് ചെയ്യേണ്ടത്. യാതൊരു കാരണവശാലും പണമായോ ,ചെക്കായോ, ഡിമാന്റ് ഡ്രാഫ്റ്റായോ തുക ചെലവഴിക്കാൻ പാടില്ല. ഈ നിബന്ധന പാലിച്ചിട്ടില്ല.

7. മാർഗ്ഗരേഖ ഖ.2.5 പ്രാഥമിക പാലിയേറ്റീവ് സേവനം ലഭ്യമാക്കേണ്ടവരുടെ രജിസ്ട്രേഷൻ - ഉപ ഭാഗം 2.5.6 പ്രകാരം *"ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനകം നോമിനൽ രജിസ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേരുവിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും അനുസരിച്ച് അതാത് സമയത്ത് വെബ്സൈറ്റിലുള്ള ലിസ്ററിലും മാറ്റം വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്ററ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനു ശേഷം തുക ചിലവഴിക്കാൻ പാടില്ല."* ആയത് *പാലിച്ചിട്ടില്ല.*

*8. മാർഗ്ഗരേഖ 2.6.3-(7) പ്രകാരം ഓരോ ദിവസവും ഗൃഹസന്ദർശനം നടന്നു കഴിഞ്ഞാൽ അന്നുതന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ അനുബന്ധം 3 നെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് പാലിയേറ്റീവ് കെയർ നഴ്സ് കംപ്യൂട്ടർ സോഫ്റ്റ്വെയർ മുഖേന അപ്‌ലോഡ് ചെയ്യേണ്ടതാണ്. അതിനാവശ്യമായ ഓൺലൈൻ സംവിധാനം ഐ.കെ.എം. ലഭ്യമാക്കുന്നതാണ്. എന്നാൽ ഈ നിർദേശവുമായി ബന്ധപ്പെട്ട തുടർ നടപടി പരിശോധിക്കാൻ യുക്തമായ രേഖകൾ ഹാജറാക്കിയിട്ടില്ല.*

ഈ വിഷയം ഉന്നയിച്ച് നല്കിയ 1/8.12.16 നം. എങ്ക്വയറിക്ക് നല്കിയ മറുപടിയിൽ മാറിയ ഉത്തരവ് ലഭ്യമായതിലെ കാല താമസം മൂലമാണ് അധിക തുക നല്കിയതെന്നറിയിച്ചു. ലഭ്യമാകാനവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കേണ്ടതും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| തിരൂർ ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 187400 | -62600 |
| ജില്ലാ പഞ്ചായത്ത് മലപ്പുറം | 2015-16 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ് | 150000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

തൻവർഷം ഇ.എം.എസ് ഭവനവായ്പാ ഇനത്തിൽ 3797577 രൂപ പഞ്ചായത്ത് തിരിച്ചടച്ചിട്ടുണ്ട് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല .

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1953725 |
| തൻവർഷം നിക്ഷേപിച്ച തുക | 123228 |
| ആകെ | 2076953 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2076953 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| തിരൂർ അർബൻ കോഓപ്പറേറ്റീവ് ബാങ്ക് | 859256 |
| പുറത്തൂർ സർവ്വീസ് സഹകരണബാങ്ക് | 1217697 |
| പലിശ | - |
| ആകെ | 2076953 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 9 | 2004-05 | - | മരാമത്ത് പ്രവൃത്തി അപാകത | നടപടിതുടരുന്നു |
| 1999-00 | 2(1) | 2004-05 | | പണാപഹരണം | നടപടിതുടരുന്നു |

| | | | | | |
|---|---|---|---|---|---|
| | 9 | 2004-05 | | സ്വയം സഹായ സംഘങ്ങൾക്ക് അനധികൃതമായി തുകഅനുവദിച്ചത് സംബന്ധിച്ച് | നടപടിതുടരുന്നു |
| | 11 | 2004-05 | | മത്സ്യ കൃഷി അപാകത. | നടപടി തുടരുന്നു |
| | 12 | 2004-05 | | പുനരധിവാസം | നടപടി തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 83223558.77 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73602438 |
| വരവിനങ്ങളിലുള്ള നഷ്ടം | :- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 13000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | :18,37,602 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 13000 | ശ്രീമതി.ജിൻസി.അസി.എഞ്ചിനിയർ |
| ആകെ | | 13000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 437602 | ശ്രീ.അബൂഫൈസൽ.എ സെക്രട്ടറി |
| 3-8 | 14,00,000 | ശ്രീമതി. നളിനി ഹെഡ്മിസ്ട്രസ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം-

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ജിൻസി,അസി.എഞ്ചിനിയർ, | അസി.എഞ്ചിനിയർ,പുറത്തൂർ | കാടേങ്കൽ വീട്,കൻമനം-പി.ഒ.തിരൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1970-71 | എൽ.എഫ്.എം.5/959/97/25-7-97 | 3 | |
| 1982-83 | എൽ.എഫ്.എം.5/942/97/25-7-97 | 9 | |
| 1983-84 | എൽ.എഫ്.എം.5/943/97/25-7-97 | 9 | |
| 1984-85 | എൽ.എഫ്.എം.5/944/97/25-7-97 | 10 | |
| 1985-86 | എൽ.എഫ്.എം.7/1360 /94/20-10-14 | 11 | |
| 1986-87 | എൽ.എഫ്.എം.5/945/97/25-7-97 | 7 | |
| 1987-88,88-89 | എൽ.എഫ്.എം.5/946/97/25-7-97 | 16 | |
| 1989-90,90-91 | എൽ.എഫ്.എം.5/947/97/25-7-97 | 10 | |
| 91-92 | എൽ.എഫ്.എം.5/948/97/26-7-97 | 6 | |
| 92-93<br>93-94 | എൽ.എഫ്.എം.7/1297 /94/20-10-94 | 8 | |
| 94-95 | എൽ.എഫ്.എം.5/383/96/19-9-96 | 2 | |
| 99-00 | എൽ.എഫ്.എം.16/868/04/6-1-05 | 14 | |
| 2000-01 | എൽ.എഫ്.എം.16/867/042-3-05 /31-3-05(plan) | 8 | |
| 2001-02 | എൽ.എഫ്.എം.7/26/07/29-3-07 | 15 | |
| 2005-06 | എൽ.എഫ്.എം.14/1741/09/7-5-10 | 4 | |
| 2006-07 | എൽ.എഫ്.എം.14/1742/09/7-5-10 | 10 | |
| 2007-08 | എൽ.എഫ്.എം.16/2060/11/14-12-11 | 10 | |
| 2008-09 | എൽ.എഫ്.എം.162061/11/14-12-11 | 14 | |
| 2010-11, 2011-12 | എൽ.എഫ്.എം.17/903 /2013/18-6-13 | 15 | |
| 2012-13 | എൽ.എഫ്.എം.17/1630/14/20-9-14 | 15 | |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം.28/520/16 തി. 19.4.16 | 16 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,

മലപ്പുറം

## 4-10 ഓഡിറ്റ് സർടിഫികറ്റ്

നം.കെ.എസ്.എ.എം.പി.എം.28/4/2017 കേരള സംസ്ഥാന
ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ - 676 505, ഫോൺ : 0483 2734951

ഇ- മെയിൽ: dompm.ksad@kerala.gov.in
തിയതി

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 31.03.2016 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ ഓഡിറ്റ് റിപ്പോർട്ടിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നും സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

മലപ്പുറം.

## 4-11 CERTIFICATE

Kerala State Audit Department.

District Audit Office, Malappuram

PIN - 676 505, Phone: 0483 2734951

e - mail. dompm.ksad@kerala.gov.in

Dated..........

CERTIFICATE

Certified that I have examined the Annual Financial Statement of Purathur Grama Panchayat for the year ended on 31.03.2016 in Malappuram District in accordance with Section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of Purathur Grama Panchayat for the year 2015-16 subject to the observations in the Audit report, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT

MALAPPURAM.